**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1779** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ; | (എ) | ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന ഏതെല്ലാം പദ്ധതികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെ സഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2- ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്, വീൽചെയർ, മൂന്ന് വീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി പ്ലെയറുകൾ , കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി. ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവർ
- വാർഷിക വരുമാനം 1,00,000/- രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്പ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ )

2. സൈഡ്‌വീൽ സ്കൂട്ടർ വിതരണം

നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം

- 40 ശതമാനമോ അതിന് മുകളിലോ ഉള്ള ചലന പരിമിതി
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല
- Eligibility Criteria meet ചെയ്യുന്ന വനിതകൾക്കും എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്കുമാണ് പ്രഥമ പരിഗണന

3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക പരമാവധി 15,000/- രൂപ) നിശ്ചിത അപേക്ഷഫോറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർ ട്ടിഫിക്കറ്റ് 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4.. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ലോൺ തുക 20,000/- രൂപ വരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപ വരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപ വരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏര്യാ ബാങ്കിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്

5. <u>സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം</u>

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അത് ആരംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കി വരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/ കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

6. <u>ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം</u>

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

<u>നിബന്ധനകൾ</u>

- 18 വയസ്സിന് മുകളിൽ പ്രായം
- 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവർ
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും പുതിയ ഏജൻസി സർട്ടിഫിക്കറ്റും
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്

7. <u>സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം</u>

സ്വയം തൊഴിൽ വായ്പയ്ക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25,000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

<u>മാനദണ്ഡങ്ങൾ</u>

- കേരളത്തിൽ സ്ഥിര തമാസക്കാരനായിരിക്കണം
- 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവർ
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന

- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം

8. എൻ. ഡി. എഫ്. ഡി. സി വായ്പ

നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് കോർപ്പറേഷൻ. 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്. സി. എ ഷെയർ എന്ന നിലയ്ക്ക് കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50,000/- രൂപ വരെ | **5 %** |
| 50,000- 5,00,000/- രൂപ വരെ | **6%** |
| 5,00,000- 15,00,000/- രൂപ വരെ | **7%** |
| 15,00,000- 25,00,000/- രൂപ വരെ | **8%** |

(50,000/- രൂപ വരെയുള്ള വായ്പയ്ക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

9 . ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

4 0 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും, വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ളവരുമായ എസ്.എസ്.എൽ. സി, പ്ലസ് ടു പരീകഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല)

10. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ വരെ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000/- രൂപ വരെ
3. പ്രായപരിധി: നവജാതശിശു മുതൽ 12 വയസ്സ് വരെ

4. ട്രസ്റ്റി- കോർപ്പറേഷൻ

5. ഫണ്ട് റിലീസ് - 18 വയസ്സിന് ശേഷമോ അത്യാവശ്യ ഘട്ടങ്ങളിലോ

11. പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം

5 0 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും പുരുഷൻമാരുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

12.മെറിഹോം ഭവന വായ്പ പദ്ധതി

കേരളത്തിലെ ഭവനരഹിതരായ ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം പരമാവധി 5 0 ലക്ഷം രൂപ വരെ വായ്പ അനുവദിച്ചു വരുന്നു. സർക്കാർ/അർദ്ധ സർക്കാർ/സഹകരണ സ്ഥപാനങ്ങളിലെ ഭിന്നശേഷിക്കാരായ ജീവനക്കാർ, സ്വന്തമായി തൊഴിൽ ചെയ്യുന്ന സ്ഥിര വരുമാനമുള്ളവർ എന്നിവർക്കാണ് എൻ.ഡി.എഫ്.ഡി.സി ഭവന വായ്പ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. വായ്പയ്ക്ക് അപേക്ഷിക്കുന്നവർ 4 0 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കണം. അപേക്ഷകന് വായ്പാ കാലാവധിയെക്കാൾ 2 വർഷത്തിനു മുകളിൽ സർവ്വീസ് കാലാവധി ഉണ്ടായിരിക്കണം. നെറ്റ് സാലറിയുടെ 2 5 ഇരട്ടി വരെ പരമാവധി ലോൺ തുക അനുവദിക്കുന്നു. പ്രൊജക്ട് അപ്രൈസൽ കമ്മിറ്റി തീരുമാനമനുസരിച്ചാണ് ലോൺ തുക അനുവദിക്കുന്നത്. കൂടാതെ ശമ്പള സർട്ടിഫിക്കറ്റ്, വീട് നിർമ്മിക്കുന്ന വസ്തുവിന്റെ ആധാരവും അനുബന്ധ രേഖകളും ജാമ്യമായി നൽകേണ്ടതാണ്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ ആറ് ശതമാനവും 5 ലക്ഷത്തിന് മുകളിൽ 15 ലക്ഷം രൂപ വരെ ഏഴ് ശതമാനവും 15 ലക്ഷത്തിന് മുകളിൽ 3 0 ലക്ഷം രൂപ വരെ എട്ട് ശതമാനവും 3 0 ലക്ഷം മുതൽ 5 0 ലക്ഷം വരെ ഒൻപത് ശതമാനവുമാണ് പലിശ ഈടാക്കുന്നത്.

**08-10-2024**

ഡോ ആർ ബിന്ദു
**MINISTER**

<u>അനുബന്ധം-2</u>

## ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെ ഗുണഭോക്താകൾക്ക് നൽകിയ സഹായങ്ങളുടെ വിശദാംശങ്ങൾ

- ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ 3066 പേർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 456.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

- സ്വന്തമായി സൈഡ് വിൽ സ്കൂട്ടർ വാങ്ങിയ 8 5 പേർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിന് പരമാവധി 15,000 രൂപ നിരക്കിൽ 12.62 ലക്ഷം രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോ പ്രോജക്ടുകൾക്കായി അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള സഹായമായി 20,000/- രൂപ വീതം 18 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു.

- സംസ്ഥാനത്തുടനീളം ലോട്ടറി ഏജൻസിയുള്ള 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ള ലോട്ടറി ഏജന്റുമാരായ 9 2 8 പേർ ക്ക് 46.38 ലക്ഷം രൂപ അനുവദിച്ചു.

- എസ്.എസ്.എൽ.സി, പ്ലസ്-ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 'ബി' ഗ്രേഡോ അതിനു മുകളിലോ വിജയം നേടിയ വിദ്യാർത്ഥികൾക്കും വിജയിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കും പ്രൊഫിഷ്യൻസി അവാർഡ് 5,000/- രൂപ വീതം 1980 പേർക്ക് 99.00 ലക്ഷം രൂപ അനുവദിച്ചു.

- തീവ്രവും അതിതീവ്രവും ഭിന്നശേഷിക്കാരായ 1 2 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ വീതം 783 പേർ ക്ക് 156.60 ലക്ഷം രൂപ സ്ഥിര നിക്ഷേപം അനുവദിച്ചു.

- ദേശസാൽകൃത ബാങ്കുകളിൽ നിന്ന് കോർപ്പറേഷന്റെ ശിപാർശയനുസരിച്ച് വായ്പ അനുവദിക്കുന്ന ഭിന്നശേഷിക്കാർക്ക് കോർപ്പറേഷൻ പരാമവധി ഒരു ലക്ഷം രൂപ വരെ ബാക്ക് എൻഡ് സബ്സിഡി നൽകി വരുന്നു. ഈ ഇനത്തിൽ 32.07 ലക്ഷം രൂപ 124 പേർക്ക് അനുവദിച്ചു

- പാറശാലയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക വേണ്ടിയുള്ള 'സാഫല്യം' വൃദ്ധസദന പരിപാലനകേന്ദ്രത്തിനായി 36.00 ലക്ഷം രൂപ ചെലവഴിച്ചു. 40 പേർക്ക് ഇവിടെ സംരക്ഷണം നൽകാൻ കഴിഞ്ഞു.

- സെക്യൂരിറ്റി കൊടുത്തു വായ്പ എടുത്ത് സ്വയം തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് സ്വയം തൊഴിലിന് 25,000/- രൂപ സാമ്പത്തിക സഹായം 295 പേർക്ക് 73.75 ലക്ഷം രൂപ അനുവദിച്ചു.

- മെറിഹോം ഭവന പദ്ധതി പ്രകാരം നാളിതുവരെയായി 133 പേർക്ക് 15.84 കോടി രൂപ ഭവന വായ്പ അനുവദിച്ചു

- കേന്ദ്ര സർക്കാരിന്റെ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ(എൻ.ഡി.എഫ്.ഡി.സി) വായ്പ പദ്ധതി പ്രകാരം 2031 പേർക്ക് മൊത്തം 5516.92 ലക്ഷം രൂപ സ്വയംതൊഴിൽ./വിദ്യാഭ്യാസ/വാഹന/ഭവന വായ്പ തുച്ഛമായ പലിശ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. വായ്പ എടുത്ത ബി.പി.എൽ വിഭാഗത്തിന് വായ്പ സബ്സിഡിയായി 189 പേർക്ക് 104.24 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

**08-10-2024**

ഡോ ആർ ബിന്ദു
**MINISTER**